# ACADEMIC MASTER PLAN

# 2025-2026




## DON BOSCO HSS MULLAKKARA

## MANNUTHY, THRISSUR 680651

## School Code : 22045

# <u>വിദ്യാലയചരിത്രം</u>

1971 - ൽ 33 വിദ്യാർത്ഥികളുമായി ആരംഭിച്ച ഈ വിദ്യാലയം ഇന്ന് 2000 ത്തിലധികം വിദ്യാർത്ഥികളുള്ള ഹയർസെക്കൻഡറി വിദ്യാലയമായി വളർന്നിരിക്കുന്നു. ഒരു ക്രിസ്ത്യൻ ന്യൂനപക്ഷ വിദ്യാലയമാണിത് അതിൽനിന്നും ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ഇവിടെയുണ്ട്. കേരള വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരമുള്ള ഈ വിദ്യാലയത്തിൽ എസ്.എസ്.എൽ.സി, പ്ലസ് ടു ബോർഡ് പരീക്ഷകളിൽ വർഷംതോറും നൂറ് ശതമാനം വിജയം നേടുന്ന വിദ്യാലയം ആണിത്. സംസ്ഥാനത്തിന് നിരവധി ഫുൾ എ പ്ലസ് വിദ്യാർത്ഥികളെ നൽകുവാൻ ഈ വിദ്യാലയത്തിന് സാധിക്കുന്നുണ്ട്. പഠന മാധ്യമം ഇംഗ്ലീഷ് ആണ്. ഒരോ വിദ്യാർത്ഥിയുടെയും സ്വഭാവവും, വ്യക്തിത്വവും വികസി പ്പിക്കുന്ന വിപുലമായ പരിശീലനത്തിലൂടെ മികച്ച വിദ്യാഭ്യാസം നൽകുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം. വിശുദ്ധ ഡോൺ ബോസ്കോ സ്ഥാപിച്ച സലേഷ്യൻ സന്യാസിമാരുടെ നേതൃത്വത്തിലാണ് ഈ വിദ്യാലയത്തിന്റെ പ്രവർത്തനങ്ങൾ നടക്കുന്നത്. യുക്തി, മതം, സ്നേഹ നിർഭരമായ ദയ എന്നീ അടിസ്ഥാന മൂല്യങ്ങളെയും ലക്ഷ്യമാക്കിയുള്ള പ്രതിരോധ സംവിധാനമാണ് നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം. സലേഷ്യൻ സഭയുടെ വിദ്യാഭ്യാസ ദൗത്യമാണ് സ്കൂളിലെ നയിക്കുന്നത് .

**പ്രവർത്തനങ്ങൾ**

ഓരോ പ്രവർത്തന പദ്ധതിക്കും ഓരോ അധ്യാപകരെ ഉത്തരവാദിത്വം ഏൽപ്പിച്ച് പ്രിൻസിപ്പാളിന്റെ നേതൃത്വത്തിൽ സമയബന്ധിതമായി പൂർത്തീകരിക്കാൻ ശ്രമിക്കുന്നു. പൊതുവായ വാർഷിക പദ്ധതിയിൽ നിന്നും Monthly Plan ഉണ്ടാക്കി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. എല്ലാവർഷവും ജൂൺ മാസത്തിൽ തന്നെ ആ വർഷത്തെ വിവിധ പ്രവർത്തനങ്ങൾ രേഖപ്പെടുത്തിയ ഡയറി എല്ലാ വിദ്യാർത്ഥികൾക്കും വിതരണം ചെയ്യുന്നു.

**1. അക്കാദമിക് അന്തരീക്ഷം മെച്ചപ്പെടുത്തൽ**

അക്കാദമിക് അന്തരീക്ഷം മെച്ചപ്പെടുത്തൽ Monthly Test കൃത്യമായി എല്ലാ മാസവും Time Table അനുസരിച്ച് നടത്തുക.

Scheme of Work അനുസരിച്ച് പാഠഭാഗങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുക.

Science Lab, Computer Lab, Maths Lab എന്നിവ പാഠഭാഗങ്ങളായി ബന്ധിച്ചു പരമാവധി പൂർത്തീകരിക്കുക.

ഓരോ സ്റ്റാൻഡേർഡിനും പഠനയാത്രകൾ സംഘടിപ്പിക്കൽ.

Local Resource കൾ ഉപയോഗപ്പെടുത്തൽ

കുട്ടികളുടെ Note Book പഠനത്തിനു ശേഷം അധ്യാപകൻ പരിശോധിക്കുകയും രക്ഷിതാക്കളും പ്രധാന അധ്യാപകനും ഉറപ്പുവരുത്തുകയും ചെയ്യുന്നു.

**2. കുട്ടികളിൽ വായന വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ**

ഒഴിവ് സമയങ്ങളിൽ പുസ്തകങ്ങൾ എടുത്ത് വായിച്ച് കുറിപ്പുകൾ തയ്യാറാക്കുന്നു.

Library Period കളിൽ വിവിധ ദിനപത്രങ്ങൾ വായിക്കാനും അതിനെ അടിസ്ഥാനമാക്കി ക്വിസ് നടത്തുകയും ചെയ്യുന്നു.

കുട്ടികളുടെ ജന്മദിനത്തിൽ താല്പര്യമുള്ളവർക്ക് സ്കൂളിലേക്ക് പുസ്തകം കൊടുക്കാമെന്ന് ആഹ്വാനം ചെയ്യുന്നു.

**3. കുട്ടികളുടെ സർഗാത്മക കഴിവുകളെ വളർത്തൽ**

ചിത്രരചന, സംഗീതം, നൃത്തം, കരാട്ടെ, ഫുട്ബോൾ, ചെസ്സ്, ടേബിൾ ടെന്നീസ്, സ്കേറ്റിംഗ് എന്നിങ്ങനെ വിവിധയിനം കായിക ഇനങ്ങൾക്ക് പരിശീലനം നൽകിവരുന്നു.

**4. കാരുണ്യ പ്രവർത്തനങ്ങൾ**

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സമൂഹത്തിലെ വ്യക്തികൾക്കും കുടുംബങ്ങൾക്കും കൈത്താങ്ങ് എന്ന നിലയിൽ Management,NSS,JRC പ്രവർത്തനങ്ങളുടെ ഭാഗമായി പാവപ്പെട്ടവർക്ക് സാന്ത്വനം നൽകുന്നു.

**ഭവന സന്ദർശനം**

അധ്യാപകർ വിദ്യാർഥികളുടെ ഭവനങ്ങൾ സന്ദർശിച്ച് മാതാപിതാക്കളും കുട്ടികളുമായി അടുപ്പം നിലനിർത്താനും പഠനകാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിക്കാനും, കുടുംബസ്ഥിതികൾ മനസ്സിലാക്കാനും സാധിക്കാറുണ്ട്.

**5. പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ ശാക്തീകരിക്കൽ**

ഇതിനായി 5,6,7,8,9,10,11,12 ക്ലാസുകളിലെ കുട്ടികൾക്ക് പഠനത്തിൽ പിന്നോക്കം നീങ്ങുന്നവർക്ക് വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അധ്യാപകരുടെ നേതൃത്വത്തിൽ പ്രത്യേകം പരിശീലനം നൽകിവരുന്നു.

**6. കായിക പ്രവർത്തനങ്ങൾക്ക് പരിശീലനം**

കായിക അധ്യാപകന്റെ നേതൃത്വത്തിൽ വിവിധ കായിക ഇനങ്ങളിൽ കുട്ടികൾക്ക് നൽകുന്ന പരിശീലനം ഉപയോഗിച്ചും വിദഗ്ദരായ പരിശീലകരുടെ സേവനം സ്വീകരിച്ചും നടപ്പിലാക്കുന്നു. കുട്ടികളുടെ കായിക ശേഷി വികസിപ്പിക്കുന്നതിന് സഹായകമായി വിശാലമായ 3 കളിസ്ഥലങ്ങൾ, വിവിധയിനം കളികൾക്കുള്ള പ്രത്യേക സൗകര്യവും വിദ്യാലയത്തിലുണ്ട്.

**7. കലാ പ്രവർത്തനങ്ങൾക്കുള്ള പരിശീലനം**

അധ്യാപകരുടെയും, പരിശീലകരുടെയും നേതൃത്വത്തിൽ വിവിധ കലകളിൽ പരിശീലനം നടത്തിവരുന്നു. കലോത്സവത്തിന് പുറമേ കുട്ടികളുടെ കലാപരമായ കഴിവ് പ്രകടിപ്പിക്കാനും, കരകൗശലപരമായ മികവ് പ്രദർശിപ്പിക്കാനും അവസരം ഒരുക്കുന്നു.

**8. വിദ്യാലയത്തിലെ ജനാധിപത്യ വേദികൾ**

സാമൂഹിക ബോധമുള്ള ഉത്തമ പൗരന്മാരായി വളർത്തിയെടുക്കുവാൻ തികച്ചും ജനാധിപത്യ മാതൃകയിൽ ഇലക്ഷൻ നടത്തി Head Boy,Head Girl,4 House Leaders,Magazine Editor,Arts Secretary, Sports Secretary യെയും തെരഞ്ഞെടുക്കുന്നു മാസത്തിലൊരിക്കൽ വിളിച്ചുകൂട്ടി പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നു.

**9. ദിനാചരണങ്ങൾ**

ഓരോ മാസത്തെയും ദിനാചരണങ്ങൾ ഓരോ സ്റ്റാൻഡേർഡിലെയും അധ്യാപകർ ക്രോഡീകരിച്ച അവതരിപ്പിക്കുന്നു അതാത് മാസത്തിലെ ദിനാചരണങ്ങൾക്ക് അതാത് സ്റ്റാൻഡേർഡിലെ അധ്യാപകരും വിദ്യാർത്ഥികളും നേതൃത്വം നൽകുന്നു.

**10.മോണിറ്ററിംഗ് സമിതി**

പ്രധാന അധ്യാപകൻ,സ്റ്റാഫ് സെക്രട്ടറി,സ്റ്റാഫ് കോഡിനേറ്റർ, സെക്ഷൻ കോഡിനേറ്റർ, അക്കാദമിക് കോഡിനേറ്റർ,PTA പ്രസിഡന്റ് ഉൾപ്പെടുന്ന സമിതി സ്കൂൾ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും അവലോകനം നടത്തുകയും ചെയ്യുന്നു.

**11.ഗ്രന്ഥശാല**

കുട്ടികളുടെ വായനാശീലം വളർത്തുന്നതിന് സഹായകമായ ഒരു നല്ല വലിയ വായനശാല നമുക്കിവിടെയുണ്ട്. ആഴ്ചയിൽ ഒരിക്കൽ എല്ലാ ക്ലാസിനും ലൈബ്രറി പിരീഡും മറ്റു പുസ്തകങ്ങൾ വായിക്കാനുള്ള സൗകര്യവും ഉണ്ട് Librarian ന്റെ നേതൃത്വത്തിൽ ഇത് ഭംഗിയായി നടന്നു വരുന്നു.

**13. ലാബ് സൗകര്യം**

ഒരേ സമയം 50ലധികം വിദ്യാർത്ഥികൾക്ക് പഠനം നടത്തുവാൻ സൗകര്യമുള്ള കമ്പ്യൂട്ടർ ലാബും സയൻസ് വിഭാഗത്തിനായി ബോട്ടണി സുവോളജി ഫിസിക്സ് കെമിസ്ട്രി എന്നിങ്ങനെ പ്രത്യേകം സജ്ജമാക്കിയ ലാബുകളും ഉണ്ട്. ആധുനിക **റോബോട്ടിക് പഠനം** : പഠനമേഖലയിൽ കുട്ടികളെ വിദഗ്ദരാക്കാൻ 50 വിദ്യാർഥികളെ ഉൾക്കൊള്ളിക്കാൻ സൗകര്യമുള്ള **ATL** ലാബും വിദ്യാലയത്തിൽ ഉണ്ട്.

**14. മറ്റു സൗകര്യങ്ങൾ**

കുടിവെള്ളവും മറ്റ് ആവശ്യങ്ങൾക്ക് മായുള്ള വെള്ളം ലഭിക്കുന്നതിനായി കിണർ സൗകര്യം വിദ്യാലയത്തിൽ ഉണ്ട്. കുട്ടികളുടെ അനായാസമുള്ള ചലനത്തെ സഹായിക്കുന്ന തരത്തിലുള്ള വരാന്തകളും കോണിപ്പടികളും അഗ്നിശമന ഉപകരണങ്ങളും സ്കൂൾ കെട്ടിടത്തിൽ സ്ഥാപിച്ചിട്ടുണ്ട്.

**15. സ്കൂൾ ഗതാഗതം**

എല്ലാ പ്രധാന Route കളിലും സ്കൂൾ ബസ് സൗകര്യം ഉണ്ട്.

**16. Interactive Class Room**

പഠനം കൂടുതൽ എളുപ്പമാക്കാൻ ക്ലാസ് റൂമുകളെല്ലാം Interactive Board സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

**17.കരിയർ ഗൈഡൻസ്**

കുട്ടികളുടെ ആത്മീയ വളർച്ചയ്ക്കും മൂല്യ ബോധം വളർത്തുന്നതിനും വിവിധ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായി സെമിനാറുകളും ബോധവൽക്കരണ ക്ലാസുകളും നേതൃത്വപാടവം വളർത്തിയെടുക്കാൻ ഉതകുന്ന ക്ലാസുകളും സംഘടിപ്പിക്കാറുണ്ട്.

## മലയാളം

- മാതൃഭാഷ തെറ്റു കൂടാതെ വായിക്കാനും എഴുതാനും പരിശീലിപ്പിക്കുക.
- സാഹിത്യ രചനകൾ വായിച്ച് ആസ്വദിക്കാനുള്ള ശേഷി നേടുക
- കുട്ടിയിലുള്ള സർഗ്ഗാത്മകശേഷി വളർത്തുക
- സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തനാക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ കാലം | കാലം | ചുമതല |
|---|---|---|---|
| ഭാഷപരമായ പിന്നോക്ക അവസ്ഥ പരിഹരിക്കൽ<br><br>കുട്ടിയെ മികച്ച വായനക്കാരനാകക്കുക കുട്ടിയെ മികച്ച എഴുത്തുകാരൻ ആക്കുക<br><br>സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തനാക്കുക | പ്രീ ടെസ്റ്റ്, അക്ഷരം ഉറപ്പിക്കൽ, അടയാളം ഉറപ്പിക്കൽ വാക്യങ്ങൾനിർമ്മിക്കൽ, ചിത്രം അടിക്കു റിപ്പ്, ചിത്രം കഥ എഴുതൽ ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസുകൾ<br><br>പത്രവായന, പുസ്തകം, ചർച്ച, വായനാനുഭവം, ദിനാചരണംആനുകാലിക പ്രസിദ്ധീകരണ ങ്ങളും വായനയിൽ ആസ്വാദകരമായ വായന പ്രത്യേകിച്ച് വിവിധ സാഹിത്യ ശാഖകൾ വ്യക്തിഗത രചന, സംഘടന രചന,<br><br>പ്രസംഗം പരിശീലന കളരി വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കൽ മികച്ച പ്രസംഗങ്ങൾ ഓഡിയോ കേൾപ്പിക്കൽ പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദി സജ്ജമാക്കൽ | ജൂൺ ജൂലൈ<br><br>അക്കാദമിക വർഷം | മലയാളം അധ്യാപകൻ മലയാളം ക്ലബ്ബ്<br><br>സ്കൂൾ ലൈബ്രറി പത്രങ്ങൾ ആനുകാലിക പ്രസിദ്ധീകരണങ്ങൾ ഇന്റർനെറ്റ് കമ്പ്യൂട്ടർ<br><br>ഓഡിയോ വീഡിയോ |

## ENGLISH

- Gain proficiency in English language
- Improve reading comprehension
- Develop effective communication skills
- Enhance vocabulary:

- Practice active listening
- Use English language media

| Aim | Activities | Duration | Source/materials | Responsibility |
|---|---|---|---|---|
| Solve linguistic backwardness | Pre test<br>Learn letters<br>Provide letter cards<br>Provide word cards<br>Form words<br>Write sentences<br>Picture caption<br>Picture story<br>Special class for linguistic backward pupils | June July | Text pictures | English<br>Teacher |
| To make the child a better reader | Form class reading group, renovate school library, adjacent Library membership, newspaper reading, discussion on books, reading experience, prepare note on appreciation, News paper dailies in the class room, E-reading | Academic Year | Class library<br>School Library<br>News papers<br>Dailies<br>Weeklies<br>Internet<br>Computer | Teacher |
| To make the child a better writer | Discussion on books<br>Appreciation Notes<br>Acquaint Various Libraries<br>Fields, Literary writing, Language project | Academic Year | Library<br>Text<br>Photos<br>books | Teacher |

| | | | | |
|---|---|---|---|---|
| To make the pupil confront audience | Practice for speech<br>Prepare speech on different topics<br>Play video, audio of speeches | | Audio<br>Video | Trainer<br>Teacher<br>English club |

## ഹിന്ദി

- ഹിന്ദി ഭാഷയിൽ പ്രാവീണ്യം വളർത്തുക
- ഭാഷയോടുള്ള ഭയം മാറ്റിയെടുക്കുക
- സ്കൂൾ ലൈബ്രറി ഫലപ്രദമായി ഉപയോഗിക്കുക
- കുട്ടികളുടെ സർഗ്ഗശേഷികൾ പ്രകടിപ്പിക്കാൻ അവസരങ്ങൾ ഒരുക്കുക
- കുട്ടികളുടെ രചനാപരമായ കഴിവുകൾ വളർത്തിയെടുക്കുക

| നം. | ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല |
|---|---|---|---|---|
| 1. | എല്ലാ കുട്ടികളും ഹിന്ദി അക്ഷരങ്ങൾ ചിഹ്നങ്ങൾ എന്നിവ തിരിച്ചറിയുന്നു | അക്ഷരമാല പ്രദർശനം ചിഹ്നങ്ങൾ പരിചയപ്പെടുത്തൽ അക്ഷരം ചാർട്ടുകൾതയ്യാറാക്കൽ | ജൂൺ ജൂലൈ | ഹിന്ദി അധ്യാപിക |
| 2. | എല്ലാ കുട്ടികളും ഹിന്ദി വാക്യങ്ങൾ ആശയം മനസ്സിലാക്കി വായിക്കുന്നതിനുള്ള ശേഷി നേടുന്നു | ഹിന്ദി കഥകൾ വായിക്കൽ സാഹിത്യകാരന്മാരുടെ പേരുകൾ ശേഖരിക്കൽ വായനക്കായി നിശ്ചിത സമയം കണ്ടെത്തൽ | അക്കാദമിക വർഷം | ഹിന്ദി അധ്യാപിക |
| 3. | ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കുവാനും രചനകൾ നടത്തുവാനുള്ള അവസരം | ഹിന്ദി കോപ്പി എഴുതൽ മാഗസിൻ തയ്യാറാക്കൽ ഡയറി, കത്ത്, റിപ്പോർട്ട് തയ്യാറാക്കൽ | അക്കാദമിക വർഷം | ഹിന്ദി ക്ലബ്ബ് |
| 4. | ഐ സി ടി സാധ്യതകൾ പരമാവധി പ്രയോജനപ്പെടു | അസംബ്ലി ദിനാചരണങ്ങൾ ജൂൺ 5, 19 ആഗസ്റ്റ് 15 ഡിസംബർ 14 ആചരിക്കൽ | അക്കാദമിക വർഷം | ഹിന്ദി ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| | ത്തുക | | | |

## ഗണിതം

- ഗണിതശേഷി വികസനം
- കുട്ടികളിലെ ഗണിത ശേഷി വളർത്തുക
- ഗണിതത്തിൽ ഉയർന്ന നിലവാരം പുലർത്തുന്ന കുട്ടികളെ പ്രോത്സാഹിപ്പിക്കുക
- ചെറിയ ക്ലാസ് മുതൽ അടിസ്ഥാനം ഉറപ്പിക്കുക
- ശാസ്ത്ര മത്സരങ്ങൾക്ക് ഒരുക്കുക

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല |
|---|---|---|---|
| ഗണിത ശേഷി വികസനം | ദൈനംദിന ജീവിത പ്രശ്നങ്ങളിൽ ഗണിതത്തിലെ അടിസ്ഥാന ശേഷി ആവശ്യമാണെന്ന് കുട്ടികളെ ബോധവൽക്കരിക്കുന്ന പ്രവർത്തനങ്ങൾ | ജൂൺ മുതൽ തുടർ പ്രവർത്തനം | ഗണിത അധ്യാപകർ |
| താഴ്ന്ന ക്ലാസ് മുതലുള്ള തുടർപഠനം കുട്ടികളുടെ അടിസ്ഥാനം ഉറപ്പിക്കുന്നു | വിശേഷ സമിതി ചർച്ചകൾ പാഠാസൂത്രണ പ്രവർത്തനങ്ങളിലൂടെയും കുട്ടികളെ അടിസ്ഥാനം ഉറപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നു | ജൂൺ മുതൽ തുടർ പ്രവർത്തനം | ഗണിത അധ്യാപകർ |
| നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ജാമിതീയ രൂപങ്ങൾ തിരിച്ചറിഞ്ഞ് വിവിധ രൂപങ്ങൾ നിർമ്മിക്കുന്ന ശില്പ ശാല സംഘടിപ്പിക്കുന്നു | ജൂൺ മുതൽ | ഉയർന്ന നിലവാരം പുലർത്തുന്ന കുട്ടികൾ |
| ഗണിതത്തിൽ ഉയർന്ന നിലവാരം പുലർത്തുന്ന കുട്ടികളെ പ്രോത്സാഹിപ്പിക്കുക | ഗണിതം, പസിൽ നിർമ്മാണവും അവതരണവും നടത്തി പ്രോത്സാഹന സമ്മാനങ്ങൾ നൽകുന്നു<br><br>പഠനം പ്രവർത്തനങ്ങൾക്ക് ഐസിടി പരിശീലനം | ജൂൺ മുതൽ തുടർ പ്രവർത്തനം | ഗണിത ക്ലബ്ബ് അംഗങ്ങൾ |

| | | | |
|---|---|---|---|
| | നൽകുന്നു<br><br>ഗണിത ക്വിസ് പരിശീലനം | | |
| കുട്ടികളുടെ ഗണിത സർഗ്ഗശേഷി വളർത്തുക | ഗണിത മാഗസിൻ നിർമാണം<br><br>നിറങ്ങളുടെ സംയോജനം അവയുടെ അളവുകളും പാലിക്കേണ്ട കൃത്യത സംബന്ധിച്ച് കുട്ടികളിൽ ധാരണ ഉണ്ടാക്കുക<br><br>പഠനം പ്രവർത്തനങ്ങൾക്ക് ഐസിടി പരിശീലനം നൽകാം | തുടർ പ്രവർത്തനം | ഗണിത അധ്യാപകർ<br><br>ഗണിത ക്ലബ്ബ് അംഗങ്ങൾ |
| ഗണിത ശാസ്ത്ര മത്സരങ്ങൾക്ക് ഒരുക്കുക | സ്കൂൾ തല മത്സരങ്ങൾക്ക്, ജില്ലാതല മത്സരങ്ങൾക്ക് വിദ്യാർത്ഥികളെ ഒരുക്കുക. | തുടർ പ്രവർത്തനം | ഗണിത അധ്യാപകർ |

## <u>സാമൂഹ്യ ശാസ്ത്രം</u>

- ചരിത്ര ബോധമുള്ള ഒരു സമൂഹത്തെ രൂപപ്പെടുത്തുക
- പൊതുവിജ്ഞാനം വളർത്തിയെടുക്കുക
- സാമൂഹ്യബോധമുള്ള ഉത്തമ പൗരന്മാർ ആക്കി മാറ്റുക
- ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളെ കുറിച്ചും പ്രകൃതിയെ കുറിച്ചും അറിയുക

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല |
|---|---|---|---|
| പഠിതാക്കളെ ചരിത്രബോധം ഉള്ളവരാക്കുക, ഭാവി രൂപപ്പെടുത്തുക | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലെ കുറിച്ച് ഇന്ററാക്റ്റിവ് ബോർഡിന്റെ സഹായത്തോടെ അടിസ്ഥാന വിവരങ്ങൾ നൽകുന്നു | അക്കാദമിക വർഷം | ശാസ്ത്രസാമൂഹ്യ അധ്യാപകർ |
| ജനാധിപത്യം ഒരു ജീവിതശൈലിയായി മാറ്റിയെടുക്കുക | സ്കൂൾ പാർലമെന്റ് മോക്ക് പാർലമെന്റ്, പൗരബോധം, സാമൂഹ്യ സേവനം | അക്കാദമിക വർഷത്തിലെ തിരഞ്ഞെ | സാമൂഹ്യശാസ്ത്ര അധ്യാപകൻ |

| | | | |
|---|---|---|---|
| | ഇവക്കായുള്ള പ്രവർത്തനം നടത്തുന്നു | ടുത്ത ദിനങ്ങൾ | |
| സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം നടത്തുക | സാമൂഹ്യശാസ്ത്ര ലാബുകൾ ആകാശക്കാഴ്ചകൾ എന്നിവയ്ക്കുള്ള സൗകര്യം ഒരുക്കുന്നു | വർഷം മുഴുവനും | ശാസ്ത്രസാമൂഹ്യ അധ്യാപകർ |
| ഭൂപട വായന കുട്ടികളിൽ വളർത്തുക | ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു | വർഷം മുഴുവനും | ശാസ്ത്രസാമൂഹ്യ അധ്യാപകർ |
| കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പൊതുവിജ്ഞാനമേഖല പരിപോഷിപ്പിക്കുന്ന ക്വിസ്സുകൾ ദിനാചരണങ്ങൾ പ്രശ്നോത്തരി സംവാദം എന്നിവയെ കുറിച്ച് വ്യക്തമായ ധാരണ നൽകുക ചരിത്ര സിനിമ പ്രദർശനം | അക്കാദമിക വർഷം | ശാസ്ത്രസാമൂഹ്യ അധ്യാപകർ |
| വ്യത്യസ്തയിനം മണ്ണിനെക്കുറിച്ചും പ്രകൃതിയിലെ ഭാഗങ്ങളെ കുറിച്ചും പരിചയപ്പെടുത്തുക | യാത്രകളിലൂടെ മണ്ണിനെ തിരിച്ചറിയൽ ചരിത്ര ലാബുകൾ സന്ദർശിക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കൽ | അക്കാദമിക വർഷം മലയാളം | ശാസ്ത്രസാമൂഹ്യ അധ്യാപകർ |

## <u>സയൻസ്</u>

- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക
- ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കുകയും പ്രയോഗിക്കുകയും ചെയ്യുക

- പ്രകൃതിയിലുള്ള മനുഷ്യന്റെ ഇടപെടലുകൾ വിവേകപൂർവ്വം ആക്കുക
- ശാസ്ത്ര നേട്ടങ്ങൾ സമൂഹ നന്മയ്ക്കായി പ്രയോജനപ്പെടുത്തുക
- ശാസ്ത്രത്തിനു വേണ്ടി ജീവിതം സമർപ്പിച്ചവരോട് ആദരവ് പുലർത്തുക
- ദൈനംദിന ജീവിതത്തെ പഠനവുമായി ബന്ധപ്പെടുത്തുക
- സ്കൂൾ തല ബയോളജി ക്വിസ്

| പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|
| മാലിന്യമുക്ത പ്ലാസ്റ്റിക് രഹിത വിദ്യാലയം | ജൂൺ | സയൻസ് ക്ലബ്ബ് | |
| പരീക്ഷണങ്ങൾ സാമഗ്രികൾ നടപ്പാക്കൽ | ജൂൺ | സയൻസ് ക്ലബ്ബ് | |
| ലാബുകളുടെ നവീകരണം | ജൂലൈ, | സയൻസ് അധ്യാപകർ | |
| ജൈവവൈവിധ്യം പരിചയപ്പെടൽ | ജൂലൈ, | സയൻസ് അധ്യാപകർ | |
| പരിസ്ഥിതി ബോധവൽക്കരണം | തുടർ പ്രവർത്തനം | സയൻസ് അധ്യാപകർ ക്ലബ് അംഗങ്ങൾ | |
| കാണാം പഠിക്കാം ഫീൽഡ് ട്രിപ്പുകൾ | തുടർ പ്രവർത്തനം | സയൻസ് അധ്യാപകർ | |
| സയൻസ് മാഗസിൻ | മാർച്ച് | സയൻസ് അധ്യാപകർ | |
| ലാബ് ഉപയോഗ നൈപുണ്യങ്ങൾ | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| അറിവ് മികവ് പരീക്ഷിക്കൽ | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |

## <u>വിവരവിനിമയ സാങ്കേതികവിദ്യ</u>

ലക്ഷ്യങ്ങൾ

1. കമ്പ്യൂട്ടർ എന്ന ഉപകരണത്തെ അറിയാനും പ്രവർത്തിപ്പിക്കാനുള്ള ശേഷി എല്ലാ കുട്ടികളും കൈവരിക്കുക

2. വിക്കിപീഡിയയിൽ നിന്നും വിവരം ശേഖരിക്കാനും പുതിയ വിവരങ്ങൾ കൂട്ടിച്ചേർക്കുകയോ നിലവിലുള്ള വിവരങ്ങൾ എഡിറ്റ് ചെയ്യുകയോ ചെയ്യാനുള്ള ശേഷി കൈവരിക്കൽ

3.വിവിധ വെബ്സൈറ്റുകൾ നിർമ്മിക്കാനുള്ള ശേഷി കൈവരിക്കൽ

4.വിവിധതരം ഓൺലൈൻ അപേക്ഷകൾ പൂരിപ്പിക്കാനുള്ള ശേഷി കൈവരിക്കുന്നു

5.വിവിധ ആനിമേഷനുകൾ ആകർഷകമായി തയ്യാറാക്കൽ

6. വിവിധ പ്രോഗ്രാമിംഗ് ഭാഷകളെക്കുറിച്ച് മനസ്സിലാക്കാൻ ശേഷി നേടുന്നു

7.ഡാറ്റ ബേസിൻ്റെ ഉപയോഗത്തെക്കുറിച്ച് ധാരണ കൈവരിക്കുന്നു

8. സോഫ്റ്റ്വെയർ സഹായത്തോടെ ഭൂഖണ്ഡങ്ങളുടെ രൂപീകരണം മനസ്സിലാക്കാൻ ശേഷി നേടുന്നു

9. രസതന്ത്ര പഠനം സോഫ്റ്റ്വെയറിൻ്റെ സഹായത്തോടെ രസകരമാക്കാൻ സാധിക്കുന്നു

10. അനുയോജ്യമായ ഗണിത ആപ്പുകൾ പ്രവർത്തിപ്പിച്ച് വിവിധ ഗണിത ആശയങ്ങൾ മനസ്സിലാക്കാനുള്ള ശേഷി നേടുന്നു

11. അധ്യാപകരുടെ സഹായത്തോടെ സോഫ്റ്റ്വെയറിൻറെ ഇലക്ട്രോണിക്സ് വൈദ്യുതകാന്തിക പ്രേരണം ഡയോഡുകൾ എന്നിവയെ കുറിച്ചുള്ള ധാരണ കൈവരിക്കുന്നു

12. സ്റ്റോറിബോർഡ് തയ്യാറാക്കി സോഫ്റ്റ് ചിത്രങ്ങൾ തയ്യാറാക്കുന്നു. സോഫ്റ്റ്വെയർ സഹായത്തോടെ ചലച്ചിത്രങ്ങൾ എഡിറ്റ് ചെയ്യുന്നു

13. മലയാളം മറ്റു ഭാഷകൾ ടൈപ്പ് ചെയ്യുന്നതിനുള്ള ശേഷി കൈവരിക്കുന്നു

14. വിവരം ഓഫീസ് പാക്കേജുകളെ കുറിച്ച് പഠിച്ച് സ്ലൈഡുകൾ നിർമിക്കാനുള്ള ശേഷി കൈവരിക്കുന്നു

15. ഹാർഡ്‌വെയറുകൾ കുറിച്ച് മനസ്സിലാക്കി കമ്പ്യൂട്ടർ അസംബ്ൾ ചെയ്യുന്നതിനുള്ള ശേഷി കൈവരിക്കുന്നു

**<u>ഉപസംഹാരം</u>**

മാർച്ചിൽ അവസാനിക്കുന്ന അധ്യയന വർഷത്തിനു മുമ്പായി താഴെപ്പറയുന്ന തരത്തിലുള്ള ഒരു സ്കൂൾ ആണ് നാം വിഭാവനം ചെയ്യുന്നത്.

- ഏറ്റവും കുറഞ്ഞത് മൂന്നു ഭാഷകളിൽ ആശയവിനിമയം നടത്തുന്ന വിദ്യാർത്ഥി സമൂഹം
- വർഗ്ഗ, ലിംഗ, വർണ വിവേചനമില്ലാതെ ഒറ്റകെട്ടായി മുന്നോട്ടു പോകുന്നവർ
- വിദ്യാർത്ഥി സമൂഹത്തെ ഉന്നതിയിലേക്ക് നയിക്കാൻ സേവന സന്നദ്ധരായി നിലകൊ ള്ളുന്ന യഥാസമയത്ത് ശാക്തീകരണം ലഭ്യമാക്കപ്പെട്ട അധ്യാപകർ
- എല്ലാ കുട്ടികൾക്കും അർഹമായ പ്രാതിനിധ്യം നൽകുന്ന വിദ്യാലയം
- സമൂഹ പങ്കാളിത്തം ഉറപ്പുവരുത്തുന്ന കർമ്മശേഷിയുള്ള വിദ്യാർത്ഥി സമൂഹം
- ഹൈടെക് ക്ലാസ് റൂമുകൾ, ലാംഗ്വേജ് ലാബുകൾ